# INSPIRE

# 2020




## M M O V H S SCHOOL

## LITTLE KITES

# താളുകളിലൂടെ


ഇന്ത്യൻ ഭരണഘടന
പ്രതിജ്ഞ
ആമുഖം
എഡിറ്റോറിയൽ ടീം
എഡിറ്റോറിയൽ
എന്റെ വിദ്യാലയം
സ്കൂൾ ചരിത്രം
മഹദ് വചനങ്ങൾ
ചിന്താ ശകലങ്ങൾ
ഉണരുമ്പോൾ
നിങ്ങളെ എനിക്കറിയാം
ഈ സ്വർണം
കടം കവിത
ഹാലൂസിനേഷൻ
ഇതിഹാസങ്ങളിലൂടെ
ജീവിതം
കടങ്കഥകൾ
കുഞ്ഞുണ്ണി മാഷ്
പഴഞ്ചൊല്ലുകൾ
പാദപരിചയം
രണ്ടു വരി കവിതകൾ
സുഹൃത്ത്
തൂലികാനാമങ്ങൾ
വിക്ക്
യാത്രാവിവരണം
മൗനം
മികവുകൾ

# ഇന്ത്യൻ ഭരണഘടന

## ആമുഖം

**നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ,**
ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ,
മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി
സംവിധാനം ചെയ്യുന്നതിനും ഭാരതത്തിലെ
എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും
രാഷ്ട്രീയവുമായ **നീതി**, ചിന്ത, ആശയാവിഷ്കാരം,
വിശ്വാസം, ഭക്തി, ആരാധന എന്നിവയ്ക്കുള്ള
**സ്വാതന്ത്ര്യം**, സ്ഥാനമാനങ്ങൾ, അവസരങ്ങൾ
എന്നിവയിലുള്ള **സമത്വം** എന്നിവ
ഉറപ്പുവരുത്തുന്നതിനും വ്യക്തിയുടെ അന്തസ്സും
രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും
ഉറപ്പുവരുത്തുന്ന **സാഹോദര്യം** എല്ലാവരിലും
വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട്
**നമ്മുടെ ഭരണഘടനാസഭയിൽവെച്ച്,**
1949 നവംബറിന്റെ ഈ ഇരുപത്തിയാറാം ദിവസം
**ഈ ഭരണഘടനയെ അംഗീകരിക്കുകയും
നിയമമാക്കുകയും നമുക്കായിത്തന്നെ
സമർപ്പിക്കുകയും ചെയ്യുന്നു.**

# പ്രതിജ്ഞ

ഇന്ത്യാ എന്റെ രാജ്യമാണ്.
എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ
സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു;
സമ്പൂർണ്ണവും വൈവിദ്ധ്യപൂർണ്ണവുമായ
അതിന്റെ പാരമ്പര്യത്തിൽ ഞാൻ
അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും
ഗുരുക്കന്മാരെയും മുതിർന്നവരെയും
ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ
നാട്ടുകാരുടെയും ക്ഷേമത്തിനും
ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

ജയ് ഹിന്ദ്

# ആമുഖം

എം എം ഒ വി എച്ച് എസ്സ് എസ്സ് *ലിറ്റിൽ കൈറ്റ്*
*ഐ റ്റി ക്ലബ് 2019 -21* ബാച്ചിന്റെ നേതൃത്വത്തിൽ
തയ്യാറാക്കിയ
ഡിജിറ്റൽ മാഗസിൻ ആണ്
INSPIRE -2020.കയ്യെഴുത്തു ,മാസികകളിൽ നിന്നും
വ്യത്യസ്തമായി കുട്ടികൾ തന്നെ കംപ്യൂട്ടർ ഉപയോഗിച്ച്
തയ്യാറാക്കി എന്നതാണ് ഈ മാഗസിന്റെ പ്രത്യേകത .പല
തലങ്ങളിൽ
നിന്നുള്ള വിഭവങ്ങൾ ശേഖരിച്ചാണ്
INSPIRE - 2020 ന്റെ സൃഷ്ടി സാധ്യമാക്കിയത് .
ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ റ്റി കൂട്ടായ്മയാണ്
ലിറ്റിൽ കൈറ്റ് ഐ റ്റി ക്ലബ് .പരിമിതികൾക്കിടയിൽ നിന്നും
തികഞ്ഞ പരിശ്രമത്തിന്റെ ഫലമായി നമ്മുടെ വിദ്യാർത്ഥികൾ
തയ്യാറാക്കിയ ഈ മഹത് സംരംഭം
എല്ലാവർക്കുമായി
സമർപ്പിക്കുന്നു....

എഡിറ്റോറിയൽ വിഭാഗം

# എഡിറ്റോറിയൽ ടീം

## ലിറ്റിൽ കൈറ്റ്സ് ടീം

## 2019 - 21



# എഡിറ്റോറിയൽ

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ അംഗങ്ങളായുള്ള
പദ്ധതിയാണ് കൈറ്റിന്റെ നേതൃത്വത്തിലുള്ള ലിറ്റിൽ കൈറ്റ് ഐ റ്റി ക്ലബുകൾ .
2018 ജനുവരി 22 ന് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ
ഇതിന്റെ സംസ്ഥാന തല ഉൽഘാടനം തിരുവനന്തപുരത്ത് നിർവഹിച്ചു.
എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്ന ഐ റ്റി അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ യോഗ്യരായ കുട്ടികളെ ഉൾപ്പെടുത്തിയാണ് രൂപീകരിക്കുന്നത് .
അനിമേഷൻ , ഗെയിമിംഗ് , സ്ക്രാച്ച് , മലയാളം കമ്പ്യൂട്ടിങ് , റോബോട്ടിക്സ് , ഹാർഡ്‌വെയർ , മൊബൈൽ ആപ്പ് നിർമാണം തുടങ്ങിയ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത് .
രണ്ട് ബാച്ചുകളാണ് നമ്മുടെ സ്കൂളിൽ നിലവിലുള്ളത് .
നിലവിൽ ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ ഉൾകൊള്ളുന്ന സീനിയർ ബാച്ചും ,
എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾ ഉൾകൊള്ളുന്ന ജൂനിയർ ബാച്ചും .
കൈറ്റിന്റെ മാർഗ നിർദേശങ്ങളുടെയും മോഡ്യൂളുകളുടെയും അടിയസ്ഥാനത്തിലാണ് കുട്ടികൾക്ക് പരിശീലനം നൽകുന്നത് .
സ്കൂകളിൽ നിലവിലുള്ള മറ്റു ക്ലബ്ബുകളിൽ നിന്നും വിഭിന്നമായി വേറിട്ട ഒരു അനുഭവമാണ് ലിറ്റിൽ കൈറ്റ് ഐ റ്റി ക്ലബ് കുട്ടികൾക്ക് ലഭിക്കുന്നത് .



# എന്റെ വിദ്യാലയം




അമ്മതൻ കൈ പിടിച്ചു...
കലങ്ങിയ കണ്ണുമായ് മഴയിൽ നനഞ്ഞു ഞാൻ
ആദ്യം കാൽ വെച്ച എന്റെ വിദ്യാലയം
അമ്മതൻ വിരലുകൾ വിട്ടകലുമ്പോൾ
വിങ്ങിപ്പൊട്ടി ഞാൻ കരഞ്ഞു
സ്നേഹ വാത്സല്യമായ് വന്ന ഗുരുനാഥ
എനിക്കാധ്യാക്ഷരം പറഞ്ഞു തന്നു
കൂട്ടുകാരൊത്തു ഞാൻ കളിച്ചീടുമ്പോൾ
കരഞ്ഞ നാളുകളോർമ്മയില്ല
ഓർമയിലെന്നും  മറക്കാതെ ഞാനോർത്തീടും
നന്മ വിടർത്തുമെൻ വിദ്യാലയം.....

സഞ്ന എം യു
**8 A**

# സ്ക്കൂൾ ചരിത്രം




കൊച്ചി എന്ന ചരിത്രമുറങ്ങുന്ന നഗരത്തിന്റെ ഭാഗമായ
പനയപ്പിള്ളിയിൽ
1954 ൽ മദ്രസയായിട്ടാണ് തുടക്കം,പിന്നീട് 1956 ജൂണിൽ
ലോവർ പ്രൈമറി ആരംഭിച്ചു .കേരള നദ്‌വത്തുൽ മുജാഹിദീൻ (KNM)
കൊച്ചി ശാഖയുടെ കീഴിൽ ആണ് ഇവ സ്ഥാപിക്കപ്പെട്ടത്.
1957 – 58 ൽ സ്കൂളിന് അംഗീകാരം ലഭിച്ചു.
പി ബി മൊയ്തീൻ സാഹിബ് മാനേജറും
പി ബി അബ്ദുല്ല മാസ്റ്റർ ഹെഡ് മാസ്റ്ററുമായി തിരഞ്ഞെടുക്കപ്പെട്ടു.
ബഹുമാനപ്പെട്ട ഖദീജ ബായി വഖഫ് ചെയ്ത
സ്കൂളിനോട് തൊട്ടടുത്ത സ്ഥലം ഉപയോഗപ്പെടുത്തി 1959 ൽ
ഓറിയന്റൽ അപ്പർ പ്രൈമറി സ്കൂൾ ആരംഭിച്ചു.
1962 – 63 ൽ ഓറിയന്റൽ ഹൈ സ്കൂൾ സ്ഥാപിതമായി.
സ്ഥല പരിമിതി മൂലം പിന്നീട് പ്രധാന കെട്ടിടത്തിന്റെ
പടിഞ്ഞാറു ഭാഗവും
തെക്ക് ഭാഗവും നിസ്വാർത്ഥരായ പൂർവ്വികർ വഖഫ് ചെയ്യുകയും
വിലക്ക് വാങ്ങുകയും ചെയ്തു. പിന്നീടങ്ങോട്ട് ത്വരിത വളർച്ചയുടെ
നാൾവഴികളിലൂടെ ഈ സ്ഥാപനം കടന്നു പോയി.
ഇന്ന് വൊക്കേഷണൽ ഹൈയർസെക്കന്ററി സ്കൂൾ.
കിൻഡർഗാർഡൻ ,എൽ കെ ജി , യു കെ ജി ,പ്ലേ സ്കൂൾ ,
ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ
വരെയൊക്കെയായി പടർന്ന് പന്തലിച്ച് നിൽക്കുകയാണ്.
ഈ വളർച്ചയുടെ പാന്ഥാവിൽ നിരവധി നിസ്വാർത്ഥരായ
പ്രവർത്തകരും ഗുണകാംക്ഷികളും പങ്ക് ചേർന്നിട്ടുണ്ട്.



ശ്രീ: അബ്ദുൽ സിയാദ്
മാനേജർ
M M INSTITUTION



ശ്രീ: എം കെ സലീം
ഹെഡ് മാസ്റ്റർ

# മഹദ് വചനങ്ങൾ

വിദ്യാഭ്യാസം എന്നാൽ
എഴുത്തും വായനയും പഠിക്കുക എന്നതല്ല .
അത് പ്രതിസന്ധികളെ
തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ് ..

- ഗാന്ധിജി -

ഒരു നല്ല വീടിനു തുല്യം വെക്കാൻ
ലോകത്തൊരു സ്‌കൂളുമില്ല
നന്മയുള്ള മാതാ പിതാക്കൾക്ക്
തുല്യം വെക്കാൻ ലോകത്തൊരു സ്‌കൂളും ഇല്ല.

- ഗാന്ധിജി -

**സന്തോഷത്തിന്റെ ഒരു വാതിൽ**
**അടയുമ്പോൾ എപ്പോഴും മറ്റൊന്ന് തുറക്കുന്നു .**
**അടഞ്ഞ വാതിലിൽ തന്നെ നോക്കി നിൽക്കുന്നത്**
**കൊണ്ടാണ്**
**തുറന്ന വാതിൽ നമ്മൾ കാണാത്തത്**

- ഹെലൻ കെല്ലർ -

ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും നിങ്ങളുടെ ജീവിതത്തിലേക്ക്
വരുന്നത് നിങ്ങളെ തകർക്കാനല്ല....
മറിച്ച് നിങ്ങളുടെ ഉള്ളിലെ കഴിവുകളെയും ശക്തികളെയും
തിരിച്ചറിയിച്ചു തന്നു സഹായിക്കാനാണ്...

-എ പി ജെ അബ്ദുൽ കലാം -

മുഹമ്മദ് നഹാൻ
**9 A**

# ചിന്താ ശകലങ്ങൾ

പണം നൽകി വാങ്ങാൻ
കഴിയാത്തത് എന്തെങ്കിലും
സ്വന്തമാകുന്നത് വരെ നിങ്ങൾ ധനികനല്ല..

**എപ്പോഴും പുഞ്ചിരിക്കാൻ തയ്യാറാകുന്നവർ ,**
**എപ്പോഴും ദേഷ്യപ്പെടുന്നവരേക്കാൾ**
**ശക്തരാണ് ..**

വിജയം ആസ്വാദ്യകരമാകണമെങ്കിൽ
പ്രയാസങ്ങൾ
ആവശ്യമാണ്

**വഴികളൊന്നും കണ്ടെത്താൻ**
**നിനക്ക് ആയില്ലെങ്കിൽ**
**പുതിയതൊന്ന്**
**ഉണ്ടാക്കിയെടുക്കുക**

നിങ്ങളോട് സ്വയം ചെയ്യരുത്
എന്ന് ആഗ്രഹിക്കുന്നത്
മറ്റുള്ളവരോടും ചെയ്യരുത്

സിമ്രിൻ
**9 C**

# ദിവസവും ഉണരുമ്പോൾ.......

## മനസ്സിൽ സ്വയം പറയേണ്ട അഞ്ചുവരികൾ

- ഞാൻ പെർഫെക്റ്റ് ആണ്
- എനിക്ക് അത് ചെയ്യാൻ സാധിക്കും
- ദൈവം ഇപ്പോഴും എന്നോട് കൂടെയുണ്ട്
- ഞാൻ ആയിരിക്കും എപ്പോഴും വിജയി
- ഇന്നാണ് എന്റെ ദിവസം

സിനാൻ അൻവർ
**9 A**

# നിങ്ങളെ എനിക്കറിയാം

ഒരു പഴയ കഥ (ആസ്വാദനക്കുറിപ്പ്)



നവാബ്
൧ C

ടി.പത്മനാഭന്റെ "നിങ്ങളെ എനിക്കറിയാം" എന്ന പുസ്തകത്തിൽ നിന്നുള്ള
"ഒരു പഴയ കഥ" എന്ന കഥയുടെ ആസ്വാദനക്കുറിപ്പാണ് ഞാൻ എഴുതുന്നത്.....
ഈ കഥയിൽ ഒരു കൊലയാളിയുടെ കഥയാണ് ടി.പത്മനാഭൻ നമ്മോട് പങ്കുവെക്കുന്നത്.നീ കഥയിൽ പ്രധാനമായും മഴത്തുള്ളികൾ വീഴുമ്പോൾ ഇറ വെള്ളത്തിലുണ്ടാകുന്ന നീർപോളകളെ പറ്റിയാണ് പറയുന്നത്
ഈ കഥയിൽ ടി.പത്മനാഭൻ അവസാനം അവസാനം പറയുന്നുണ്ട്.
"ആരും കാണുന്നില്ല എന്ന് വിചാരിച്ച് നീ അധർമ്മമൊന്നും ചെയ്യരുത്.
കാക്കലോ കൊല്ലലോ ഒന്നും മനുഷ്യൻ കാണുന്നില്ലെങ്കിൽ
ഒരു നീർപോളയെങ്കിലും കാണുന്നുണ്ടാകും .
ആ നീർപ്പോള മതി." എന്ന് .ഈ വരികളാണ്
ടി. പത്മനാഭൻ ഒരു പഴയ കഥ എന്ന കഥയിലൂടെ നമുക്ക് തരുന്ന ഉപദേശം .
ഒരു കൊലയാളിയും പിന്നെ ആ കൊലയാളിയുടെ ഭാര്യയുമാണ്
ഈ കഥയുടെ പ്രധാന കഥാപാത്രങ്ങൾ .ഇതിൽ പറയുന്നു
ആ കൊലയാളി ഒരു സന്ധ്യക്ക് മഴ വന്നപ്പോൾ ഭാര്യ പറയുന്നത്
ശ്രദ്ധിക്കാതെ അയാൾ ബാഹ്യലോകത്തെ പൂർണമായും മറന്ന്
നീർപ്പോളകളിൽ തന്നെ ലയിക്കുന്നതിനെ പറ്റി .
ഒരു ദിവസം ഭാര്യ ഇതിനെ പറ്റി അയാളോട് ചോദിച്ചപ്പോഴാണ്
ഇയാൾ കൊലയാളിയാണെന്ന് പുറത്ത് വന്നത്.
ഇയാൾ കൊന്നത് ഇയാളുടെ ചങ്ങാതിയെയാണ്.
അയാൾ നീർപോളകളെ കണ്ട് ഭാര്യ പറയുന്നത് ശ്രദ്ധിക്കാത്തതിന്റെ കാരണം,
ചങ്ങാതിയെ കൊന്നതും ഒരു സന്ധ്യയ്ക്കായിരുന്നു .
കോലായയിൽ അയാളും കൊലയാളിയും മാത്രമേ ഉണ്ടായിരുന്നുള്ളു .
അയാൾ മരിക്കാറായപ്പോൾ അയാൾ പറയുന്നു :
"നീർപോളകളേ ,നിങ്ങൾ ഇതിന് സാക്ഷിയാണേ ," എന്ന്.
ഇതാണ് കാരണം.ശരിക്കും ഒരു സന്ദേശമുള്ള കഥയാണിത്.
സ്നേഹത്തിന്റെയും കരുണയുടെയും കണികകൾ കണ്ടെത്താൻ പാടുപെടേണ്ടി
വരുന്ന ആസുര വേഗത്തിലൂടെ കാലത്ത് ദൃതയോപരമായ
കുഞ്ഞെഴുത്തുകൾ കൊണ്ട് സ്നേഹ പ്രപഞ്ചം സൃഷ്ടിക്കുകയാണ് ഈ കഥകൾ .
സ്ഫടിക സമാനമായ ഒരു കുളിർത്തടാകത്തിൽ മുങ്ങി
നിവരും പോലെ സ്വച്ഛ ശാന്തമായ ഈ കഥകളിലേക്കിറങ്ങുന്ന
ഓരോ വായനക്കാരനും നിർമലമായ മനോമുകുരത്തിലൂടെ
ലോകത്തെ ആസ്വദിക്കാനാകുന്നു.

# ഈ സ്വർണം

**നിങ്ങൾക്കു**

**പരിചയമുണ്ടോ ?**



മുഹമ്മദ് ഫർസീൻ
**9 A**

കറുത്ത സ്വർണം - കുരുമുളക്

വെളുത്ത സ്വർണം - കശുവണ്ടിപരിപ്പ്

നീല സ്വർണം - ജലം

പച്ച സ്വർണം - തേയില

ഹരിത സ്വർണം - മുള

തരിശു ഭൂമിയിലെ സ്വർണം - കശുമാവ്

മുഹമ്മദ് ഫർസീൻ
9 A

# കടം കവിത



മിസ് ഹബ്
**9 B**

നാലുപേർ ചങ്ങാതിമാർ
ചെന്നൊരു ഗുഹതന്നിൽ
മല്ലർ മുപ്പത്തിരണ്ട്
പേരുണ്ടായതിനുള്ളിൽ

മല്ലന്മാരൊത്തുചേർന്ന
മർദ്ദിച്ചപ്പാവങ്ങളെ
എല്ലുകളവരുടെ
യൊടിഞ്ഞു തകർന്നപോയ്
തെല്ലിടകഴിഞ്ഞപ്പോ
ളവരോ പുറത്തെത്തി
എല്ലുകൾ പൊടിഞ്ഞിട്ടും
ചെരിയൽ കളിച്ചിട്ടും


# ഹാല്യൂസിനേഷൻ



അർഫാസ്
9 A

ഞാൻ അവളെ കണ്ടുമുട്ടിയത് ഒരു നനഞ്ഞ
 സായാഹ്നത്തിലായിരുന്നു.
എംബാർക്കേഷൻ ജെട്ടിയിൽ ബോട്ട് കാത്ത്
ഞാൻ കായലിലെ ഓളപ്പരപ്പിൽ നോക്കി നിൽക്കെ,
ഒരു നനഞ്ഞ കര സ്പർശനം....തിരിഞ്ഞു നോക്കവേ,
ഞാൻ അവളെ കണ്ടു.എവിടെയോ കണ്ട ഒരോർമ്മ
എന്നെ പിറകോട്ട് വലിച്ചുവോ ,
ആ തണുത്ത കര സ്പർശം ഇതിനു മുമ്പ്
ഞാൻ അനുഭവിച്ചിട്ടുണ്ടോ?
പിന്നീടങ്ങോട്ട് ഞാൻ അവളുമായി സംസാരിക്കാൻ
തുടങ്ങവേ
എന്റെ മുന്നിൽ അതാ നിൽക്കുന്നു എന്റെ മകൾ.
അവളെവിടെ ?എന്ന് എന്റെ ചോദ്യത്തിന്
അമ്പരപ്പോടെയുള്ള മകളുടെ ഉത്തരം ആര് ?
ഏയ് ഒന്നുമില്ല എന്ന് ഞാൻ പറഞ്ഞുവെങ്കിലും
തുടർന്നുള്ള പല സായാഹ്നങ്ങളിലും പലയിടത്തും
ഞാനവളെ കണ്ടു .
കര സ്പർശം അറിഞ്ഞു .പക്ഷെ വേറെയാരും
അവളെ കണ്ടില്ല എന്ന സത്യം ഞാൻ അറിഞ്ഞു .
പിന്നീടവളോട് സംസാരിക്കാൻ തുടങ്ങവേ ,
എന്നെ വീട്ടുകാർ പിന്തിരിപ്പിച്ചു എന്ന സത്യം
എന്നിൽ വേദനയുണ്ടാക്കി ,
ഡോക്ടർ ഇതിനു പേരിട്ടു
ഹാല്യൂസിനേഷൻ

## ഇതിഹാസങ്ങളിലൂടെ



അബ്റാഖ്
9 A

ഇതിഹാസം എന്നു പറഞ്ഞാൽ നടന്നകഥ
എന്നാണർത്ഥം .ലോകം കണ്ടതിൽ ഏറ്റവും
വലിയ മഹാകവി കളിലൊരാളയിരുന്ന
ഹോമർ പ്രാചീന ഗ്രീസിൽ ജീവിച്ചിരുന്നു .
അദ്ദേഹത്തിന്റെ ഇതിഹാസ കാവ്യങ്ങളാണ്
എലിയസ് ,ഒഡിസ്സി .
മഹായുദ്ധങ്ങളുടെ കഥയും
അതിന്റെ പര്യവസായിയായ
ശുഭമുഹൂർത്തങ്ങളും
കോർത്തിണക്കിയവയായിരുന്നു
ഇത്തിഹാസങ്ങൾ .
എന്നാൽ ഭാരതോതിഹാസങ്ങൾ
രാമായണവും മഹാഭാരതവുമാണ്
ഇവ ഏറെ വ്യത്യസ്താത
പുലർത്തുന്നു .കാരണം ഇത് നണ്ടന്നകഥ മാത്രമല്ല
എപ്പോഴും
മനുഷ്യനുള്ളിടത്തോളം
നടക്കുക തന്നെ ചെയ്യും
ലോകമെങ്ങും സമാധാനമാണ് വേണ്ടത്
എന്ന സന്ദേശം
ഇതിഹാസങ്ങൾ നൽകുന്നു

# ജീവിതം

ജീവിതത്തിൽ ആരെയും വിലകുറച്ച്
കാണരുത് .ഓർക്കുക ,നിലച്ചുപോയ
ഘടികാരവും ദിവസത്തിൽ രണ്ടുപ്രാവശ്യം
നമുക് യഥാർത്ഥ സമയം കാണിച്ചു തരുന്നു.
മായ്ച്ചു കളയുക പരിഭവങ്ങളും പരാതികളും .
ചിലപ്പോൾ നമ്മളിൽ ഒരാൾ നാളെ
ഉണ്ടായെന്നു വരില്ല.
മനസ്സിലാക്കി ചിരിക്കുന്നവരുടെ
കാലം പോയി ....
ഇപ്പോൾ മനസ്സിൽ ,ആക്കി ചിരിക്കുന്നവരുടെ
കാലമാ ....
സ്വന്തം എന്ന് കണ്ടെത്തുന്ന നിഴൽ പോലും
സൂര്യന്റെ ഔദാര്യമെന്ന് ഓർമ്മ
ഉണ്ടായാൽ നന്ന് .
കാലം മായ്ക്കാത്ത മുറിവുകൾ ഇല്ല .
അതുപോലെ തന്നെ കാലം പകരം
ചോദിക്കാത്ത ചതിയും ഇല്ല.......

ഫാത്തിമ പി എസ്
**8 A**

# കടങ്കഥകൾ

1. മുട്ടിന് മുട്ടിന് വളയിട്ടുള്ള  ഒരു പച്ച സുന്ദരി മാനം നോക്കി നിൽക്കുന്നു ?

മുള

2. മാനത്തെ അങ്കത്തിന് ഭൂമി ദേവി പിടിച്ച പരിച ?

കുൺ

3. മലയിൽ ഒരു അമ്മയ്ക്ക് നെറുകയിൽ പൂവ് ?

കൈതച്ചക്ക

4. മാനത്തെ ഭഗവതിയുടെ പടിയിറക്കം ?

കടന്നൽ

5. മഴയത്തും വെയിലത്തും ആശ്വാസദായകൻ കറുമ്പൻ എട്ടെല്ലൻ കുട്ടപ്പൻ ?

കുട

ഹാഷിം
**9 B**

# കുഞ്ഞുണ്ണി മാഷിന്റെ മൊഴിമുത്തുകൾ

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

പിന്നോട്ടു മാത്രം മടങ്ങുന്ന
കാലുകൊണ്ടല്ലയോ
മുന്നോട്ടു പായുന്നിതളുകൾ

**എഴുതാൻ വേണ്ടി വായിക്കരുത്**
**വായിക്കാൻ വേണ്ടി എഴുതരുത്**
**എഴുത്തു പോലെ മഹത്താണ്**
**വായനയും – രണ്ടും സർഗാത്മകമാണ്.**

**എല്ലാവരും വായിക്കേണ്ട**
**രണ്ടു പുസ്തകമുണ്ട്...**
**അവനവനൊന്ന് ,**
**ചുറ്റുമുള്ള പ്രകൃതി മറ്റേത്**

നൗറിൻ
**8 A**

# മലയാളം പഴഞ്ചൊല്ലുകൾ

അകത്തൊന്ന് മൂവത്താണ്

അങ്ങാണ്ടിപ്പായ ആലയിൽ നിൽക്കില്ല

അത്തം കറുത്തൽ ഓണം വെളുക്കും

അന്നുകിട്ടുന്ന ആയിരം പൊന്നിലും
ഇന്ന് കിട്ടുന്ന അരക്കാശുവലുത്

അച്ഛൻ അരികുറച്ചാൽ 'അമ്മ അത്താഴം കുറയ്ക്കും

അത്താഴം അന്നിപ്പഴത്തോളം

അടുക്കള മാറിയാൽ ആറുമാസം

അനിയസ്നേഹം മലവെള്ളം സ്നേഹം ത്സ്നഹം
നിലവെള്ളം

അധികാരിയും തലനാരിയും ചേനാൽ വെളുക്കുവോളം
കക്കാം

മർവ പി എസ്
**10 B**

# പദപരിചയം

**പ്രതി പേശി** : അയൽക്കാരൻ ,ശത്രു ,പകരക്കാരൻ

**ക്രന്ദനം** : അലച്ച , കരച്ചിൽ , ഇളക്കം

**ജനപതി** :രാഷ്ട്രപതി , നേതാവ് ,രാജാവ്

**ദേവരൻ** :ദേവൻ , ഭർത്താവ് , ഭർത്താവിന്റെ അനുജൻ

**മുക്തകണ്ഠം** : ഉറക്കെ , ഒന്നിച്ച് ,എല്ലാവരും കാണത്തക്കവണ്ണം

**മധുജം** : തേൻ , വണ്ട് , മെഴുക്

**നേശൻ** : ഈശ്വരൻ , സ്നേഹിതൻ , ബന്ധു

**ശ്ലാഘിക്കുക** : സ്തുതിക്കുക , എതിർക്കുക , ഉപദ്രവിക്കുക

നസ്രിൻ
**10 C**

# രണ്ടു വരി കവിതകൾ

## അമ്മ

വിശപ്പില്ലെന്ന അമ്മയുടെ നുണയാണ്
തീൻമേശയിലെ പതിവു  വിഭവം

## അച്ഛൻ

നിഴലോളം ചുരുങ്ങിയും നീണ്ടും
എനിക്കൊപ്പം
നീണ്ടു നടന്ന ഒരു സുഹൃത്ത്

## ഗുരു

**പറഞ്ഞു തന്നത് പുസ്തകത്തിലെ**
**വരികളല്ല**
**ജീവിതത്തിലെ സ്വകാര്യ വഴികളായിരുന്നു**

## സുഹൃത്ത്

ചിരിയും നോവും പറഞ്ഞു
ചിരി മാത്രം തിരികെ തന്നു .

**മുഹമ്മദ് സുഹൈൽ**
**8 A**

# സുഹൃത്ത്

കൂട്ടുക്കാർ സുഹൃത്ത് , സഖി എന്നിങ്ങനെ എത്രയോ വാക്കുകൾ കൊണ്ടാണ്
നാം സൗഹൃദത്തെ വിവരിക്കുന്നത് . ഒരു സുഹൃത്ത് നമ്മെ
അച്ഛനെപോലെ വഴക്കുപറയും. അമ്മയെപ്പോലെ
ലാളിക്കും .സഹോദരനെ പോലെ കളിയാക്കും .
സഹോദരിയെപോലെ കൂടെ നിൽക്കും
ഒരു നല്ല സുഹൃത്ത് നമ്മുടെ ജീവിതത്തിൽ
ഒരു വഴികാട്ടിയാണ് .ഇന്നത്തെ സമൂഹത്തിൽ സുഹൃത്തുക്കളുടെ പ്രാധാന്യം
ഏറിവരികയാണ് .ഇന്ന് നമ്മിൽ പലരും ഏറെ സമയവും
സുഹൃത്തുക്കൾക്കൊപ്പം പങ്കിടുവാൻ ആഗ്രഹിക്കുന്നു .
സുഹൃത്തുക്കൾ ജീവിതത്തിലെ ഏകവും വലിയ നിധിയാണ് ...........

**സ്വാലിഹ**
10 B

# യോഗ

മനസ്സിനും ശരീരത്തിനും രോഗമില്ലാത്ത
അവസ്ഥയാണ് ആരോഗ്യം .
ആരോഗ്യ സംരക്ഷണത്തിന് പല മാർഗ്ഗങ്ങൾ ഉണ്ട് .
'യോഗാഭ്യാസം' ആ കൂട്ടത്തിൽ പ്രധാനപ്പെട്ട ഒന്നാണ്.
പഴയ കാലത്ത് ഇതിനു വളരെ പ്രാധാന്യമുണ്ടായിരുന്നു .
പുതിയ പരിഷ്കാരങ്ങൾ വന്നപ്പോൾ യോഗ പിന്തള്ളപ്പെട്ടു .
ഇപ്പോൾ വീണ്ടും യോഗയുടെ പ്രാധാന്യം മനസ്സിലാക്കിയിരിക്കുന്നു.
അതുകൊണ്ടാണ് പാഠ്യപദ്ധതിയിൽ യോഗ വിദ്യ ഉൾപ്പെടുത്തുവാൻ
തീരുമാനിച്ചത് .
ഒരു ഗുരുവിന്റെ നിർദേശാനുസരണം മാത്രമേ യോഗ അഭ്യസിക്കാൻ പാടുള്ളൂ .
കുട്ടികൾക്ക് ഏകാഗ്രത വർദ്ധിപ്പിക്കാനും പഠന കാര്യത്തിൽ ശ്രദ്ധിക്കുവാനും
യോഗ സഹായകമാണ് .

**മുഹമ്മദ് ഫഹാസ്** 9 C

# തൂലികാ നാമങ്ങൾ

| | | |
|---|---|---|
| നന്ദനാർ | - | പി.സി ഗോപാലൻ |
| കോവിലൻ | - | വി.പി അയ്യപ്പൻ |
| അഭയദേവ് | - | അയ്യപ്പൻ പിള്ള |
| അക്കിത്തം | - | അച്യുതൻ നമ്പൂതിരി |
| ആനന്ദ് | - | പി . സച്ചിദാനന്ദൻ |
| ആശാമേനോൻ | - | കെ. ശ്രീകുമാർ |
| ഇന്ദുചൂഡൻ | - | കെ.കെ നീലകണ്ഠൻ |
| പാറപ്പുറത്ത് | - | കെ.ഇ മത്തായി |
| കാക്കനാടൻ | - | ജോർജ് വർഗീസ് |
| ഉറൂബ് | - | പി.സി കുട്ടികൃഷ്ണൻ |
| ഏകലവ്യൻ | - | കെ.എം മാത്യൂസ് |

റസൽ
**9 A**

## വിക്ക്

വിക്ക് വൈകല്ല്യയമല്ല . ഒരു സംസാരരീതിയാണ് .
വാക്കിനും അർത്ഥത്തിനും മിടയ്ക്ക് വരുന്ന
ചില മൗനങ്ങളെയാണ് `നാം വിക്കെന്ന് വിളിക്കുന്നത് .
വാക്കിനും പ്രവൃത്തിക്കും മിടയ്ക്കുള്ള
മൗനങ്ങളെ മുടന്തെന്ന് വിളിക്കുംപോലെതന്നെ
ഭാഷയ്ക്ക് മുമ്പാണോ വിക്കുണ്ടായത് അതോ ശേഷമോ ?
അതോ സ്വയം ഒരു ഭാഷയോ ?
ഈ ചോദ്യങ്ങൾക്കു മുമ്പിൽ ഭാഷാ ശാസ്ത്രജ്ഞർ വിക്കുന്നു .
ഒരു ജനത ഒന്നിച്ചു വിക്കുമ്പോൾ അവരുടെ മാതൃഭാഷ വിക്കാകുന്നു.

## അപ്പുറം

ഒരു നോട്ടം കൊണ്ട്
കാണാവുന്നതിലും അപ്പുറം ഈ
കടലും വിണ്ണും നമ്മിൽ ചേരുന്നൊരിടം
അവിടെക്കൊന്നു പോവണം
എന്നിട്ടെനിക്കീ ലോകത്തോട്
ഉറക്കെ വിളിച്ചു പറയണം
കടലും വിണ്ണും ഒന്നാണെന്ന്
ദൂരെ നിന്ന് ഞാൻ നോക്കി
കണ്ടതാണെന്നു.....

## യാത്രാ വിവരണം

# എം എം ഒ വി എച്ച് എസ് എസ്സിലെ കൊച്ചു പക്ഷി നിരീക്ഷകർ

ദിയ ഫാത്തിമ 10 A

ഞാൻ ദിയ ഫാത്തിമ പനയപ്പിള്ളി എം എം ഒ വി എച്ച് എസ് എസ്സിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ്.എന്റെ സ്കൂളിലെ മാതൃഭൂമി സീഡ് ക്ലബ്ബിന് കീഴിലെ 'ഉവൽ സ്പർശം 'എന്ന കൂട്ടായ്മയിലെ ഒരംഗമാണ് ഞാൻ .പത്ത് വർഷമായി ഞങ്ങളുടെ സ്കൂളിൽ ഉവൽ സ്പർശം കുട്ടിക്കൂട്ടായ്മ പ്രവർത്തിക്കുന്നത് .പക്ഷി നിരീക്ഷണം ,അങ്ങാടിക്കുരുവി സംരക്ഷണം ,പ്രകൃതി പഠനം തുടങ്ങിയവ ഞങ്ങളുടെ പ്രവർത്തന പഥത്തിൽ വരുന്ന .നാല് വർഷമായി ഞാൻ ഇതിലെ അംഗമാണ് .

എല്ലാ വർഷത്തെയും പോലെ ഈ വർഷവും ഞങ്ങൾ പക്ഷി നിരീക്ഷണ പഠന യാത്ര പോകുവാൻ തീരുമാനിച്ചു .അതിനു മുന്നോടിയായി ഞങ്ങൾക്ക് ക്ലാസ്സുകളും ഫീൽഡ് ബുക്കുകളും നൽകി .പക്ഷി നിരീക്ഷകരായ ഡോ.മുസ്തഫ ,ബേസിൽ പീറ്റർ സർ എന്നിവരായിരുന്നു ഞങ്ങളുടെ ഗൈഡുമാർ.

പ്രകൃതി രമണീയമായ, ചതുപ്പു നിലങ്ങളുള്ള കടമക്കുടിയിലേക്കാണ് ഞങ്ങൾ പക്ഷി നിരീക്ഷണ യാത്ര പോകാൻ തീരുമാനിച്ചത് .നീർ പക്ഷികളുടെ ഒരു ആവാസ കേന്ദ്രമാണ് കടമക്കുടി .ഇരുപത് വിദ്യാർത്ഥികളും രണ്ടു ഗൈഡുമാരും നാല് അധ്യാപകരും രണ്ടു പി റ്റി എ പ്രതിനിധികളുമടങ്ങിയതായിരുന്നു ഞങ്ങളുടെ യാത്രാ സംഘം .

2019 ഡിസംബർ 7 നു കുളിരുള്ള വെളുപ്പാൻ കാലത്താണ് ഞങ്ങൾ പക്ഷിനിരീക്ഷണ യാത്ര ആരംഭിച്ചത്.ഇവിടെ ഞങ്ങൾ അനുഭവിച്ചത് മറക്കാൻ കഴിയാത്ത മനോഹാരിതയാണ് .ഇതിനു ഞങ്ങൾക്ക് പൂർണ പിന്തുണ നൽകിയത് ബേസിൽ സർ , മുസ്തഫ സർ ,സീനത്ത് ടീച്ചർ എന്നിവരായിരുന്നു.ദൂരെ നിന്ന് ഒരു സ്ഥലം എന്ന് എല്ലാവരും കരുതുമ്പോഴും ഇവിടെ വന്ന് അടുത്ത് നിന്ന് കാണുമ്പോൾ ഇവിടെയുള്ള ഓരോ മരങ്ങൾക്കും നൂറ് കഥകളുണ്ട് പറയാൻ എന്ന് തോന്നുന്നത് കരയിലകളെ ഞെരിച്ച് കൊണ്ട് കണ്ടൽക്കാടുകൾക്കരികിലൂടെ ഞങ്ങൾ നടന്നു .

വ്യത്യസ്തങ്ങളായ പക്ഷികളുടെ വേറിട്ട ശബ്ദങ്ങൾ ..കാഴ്ചകൾ ..കണ്ണിനും കാതിനും കുളിർമ്മ നൽകി .ഗൈഡുമാർ യഥാ സമയം വിവരങ്ങൾ നൽകി കൊണ്ടിരുന്നു .പ്രകൃതിയിലെ വ്യത്യസ്തങ്ങളായ സസ്യങ്ങളുമായും സല്ലപിച്ചും പക്ഷികളെ നിരീക്ഷിച്ചും കാറ്റിന്റെയും ഇളം വെയിലിന്റെ ഇടയിലൂടെയും ഞങ്ങൾ നടന്നു നീങ്ങി.തണലിലിരുന്ന് ഭക്ഷണം പങ്കുവെച്ച് കഴിച്ചു .ജലാശയത്തിലെ വെള്ളത്തിൽ കളിച്ചു രസിച്ചു .അതിനു ശേഷം പ്രകൃതി പഠന സംരക്ഷണ ക്ലാസുകൾ നടന്നു .കുട്ടികൾ അവരുടെ അനുഭവങ്ങൾ




പങ്കുവെച്ചു .

മനുഷ്യൻ അറിയേണ്ടതും അനുഭവിക്കേണ്ടതുമാണ് ഈ മഹത്തായ പ്രകൃതിയെ .ഈ മനോഹാരിത വരും തലമുറയ്ക്കും ലഭ്യമാക്കാനുള്ള ഉത്തരവാദിത്വം നമുക്കാണെന്ന തിരിച്ചറിവാണ് മടക്ക യാത്രയിൽ ഞങ്ങളുടെ മനസ്സിലുണ്ടായത് .പ്ലാസ്റ്റിക് ദുരന്തത്തെ കുറിച്ച് ക്ലാസുകൾ ലഭിച്ച ഞങ്ങളിൽ ഒരാളിൽ നിന്ന് ഒരബദ്ധം സംഭവിച്ചു .അവിടത്തെ മലിനമാകാത്ത ജലാശയത്തിലേക്ക് ഒരു പ്ലാസ്റ്റിക് കവർ വീഴാനിടയായി ,അത് ഞങ്ങളിൽ കുറ്റബോധം ഉണ്ടാക്കി .ഇനി ഒരിക്കലും ഇങ്ങനത്തെ പ്രവർത്തികൾ ആവർത്തിക്കില്ല എന്ന തീരുമാനത്തോടെയാണ് ഞങ്ങൾ ഉച്ചയോടെ മടക്കയാത്ര ആരംഭിച്ചത് ......

# മൗനം

മൗനത്തിന് ചില നേരം
വാക്കുകളേക്കാൾ മൂർച്ചയുണ്ടാകും
അർബുദത്തിനേക്കാൾ വേദനയുണ്ടാവും
മഴവില്ലിനേക്കാൾ മനോഹരവുമായിരിക്കും
കാട്ടരുവി പോലെ നിഗൂഢവുമാണ് ....

സാഹിൽ
**9 B**



# ചില സന്തോഷ നിമിഷങ്ങൾ








# നമ്മുടെ ഫുട്ബോൾ ടീം






# സുരക്ഷിത വിദ്യാലയം












നമ്മുടെ അഭിമാനം

# മുഹമ്മദ് ഹാരിഷ് ജാവേദ്

# നന്ദി

ലിറ്റിൽ കൈറ്റ്സ് ടീം

MMOVHS SCHOOL